# പതിമൂന്നാം കേരള നിയമസഭ
# അഞ്ചാം സമ്മേളനം
## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 6178   10.7.2012-ൽ മറുപടിയ്ക്ക്

**കെപ്കോ 'നഗരപ്രിയ' പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. കെ. സുരേഷ് കുറുപ്പ് | | ശ്രീ.കെ.പി.മോഹനൻ (കൃഷിയും,മൃഗസംരക്ഷണവും അച്ചടിയും,സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) | കെപ്കോ 'നഗരപ്രിയ' പദ്ധതി സംസ്ഥാനത്തെ ഏതെല്ലാം നഗരത്തിൽ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ; | എ) | കെപ്കോ "നഗരപ്രിയ" എന്ന പദ്ധതി പ്രാരംഭഘട്ടത്തിൽ തിരുവനന്തപുരം, കോഴിക്കോട് എന്നീ കോർപ്പറേഷനുകളിലും, കൂത്തുപറമ്പ് മുൻസിപ്പാലിറ്റിയിലുമാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. |
| ബി) | എത്ര തുകയാണ് ഈ പദ്ധതി നടപ്പാക്കാനായി നീക്കിവച്ചിരിക്കുന്നത്; | ബി) | 61.305 ലക്ഷം രൂപയാണ് ഈ പദ്ധതി നടപ്പാക്കാൻ നീക്കി വച്ചിരിക്കുന്നത് |
| സി) | എത്ര കുടുംബങ്ങൾക്ക് പ്രയോജനം ലഭിക്കാനാണ് ഈ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്; | സി) | തിരുവനന്തപുരം കോർപ്പറേഷനിൽ 2700 കുടുംബങ്ങൾക്കും, കോഴിക്കോട് കോർപ്പറേഷനിൽ 2500 കുടുംബങ്ങൾക്കും, കൂത്തുപറമ്പ് മുൻസിപ്പാലിറ്റിയിൽ 1500 കുടുംബങ്ങൾക്കും തുടക്കത്തിൽ ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതാണ്. |
| ഡി) | ഈ പദ്ധതി പ്രകാരം ഓരോ ഗുണഭോക്താവിനും എന്തെല്ലാം സാമഗ്രികളാണ് നൽകിവരുന്നതെന്നറിയിക്കാമോ; | ഡി) | അഞ്ച് കോഴികളെ വളർത്താൻ പര്യാപ്തമായ നവീന രീതിയിലുള്ള കൂട്ടം, അഞ്ചു കോഴികളെയും, അഞ്ചു കിലോ തീറ്റയും, 25 രൂപയുടെ മരുന്നുമാണ് ഓരോ ഗുണഭോക്താവിനും നൽകുന്നത്. |
| ഇ) | ഓരോ ഗുണഭോക്താവും എന്തു തുക കെപ്കോയ്ക്ക് നൽകണമെന്നറിയിക്കാമോ? | ഇ) | ഓരോ ഗുണഭോക്താവും ഗുണഭോക്തൃ വിഹിതമായ 550 രൂപ കെപ്കോയിൽ അടയ്ക്കണം. |

Seele

സെക്ഷൻ ഓഫീസർ